LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലാത്തവർ

*൪൨൮. (ചോദ്യം ൨൮) ശ്രീ. പി. എം. വർഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്ത് അഭ്യസ്തവിദ്യരായുള്ള യുവാക്കന്മാരിൽ എത്ര പേർ തൊഴിൽ ഇല്ലാത്തവരായുണ്ടെന്ന സർവ്വെണ്ടിനറിയാമോ;

(ബി) കഴിഞ്ഞ മൂന്ന വർഷങ്ങളിലെ കണക്കുപ്രകാരം അവരുടെ സംഖ്യ കൂടിവരുന്നോ കുറഞ്ഞുവരുന്നോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിയാൻപാടില്ല.

(ബി) കണക്ക് എടുത്തിട്ടില്ല.

അരിറേഷൻ

*൪൨൯. (ചോദ്യം ൪) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

ഇന്നത്തെ നിലയിൽനിന്ന് അരി റേഷൻ അലോട്ടുചെയ്യുന്നതിന് സാധിക്കുമെന്ന പ്രതീക്ഷിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസ് വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

കേന്ദ്രത്തിൽനിന്നും കൂടുതൽ അരി അനുവദിക്കുകയോ ഈ രാജ്യത്ത് നെല്ലിന്റെ ഉല്പാദനവും സംഭരണവും വർദ്ധിക്കുകയോ ചെയ്യാതെ ഇന്നത്തെ നിലയിൽനിന്ന് അരി റേഷൻ വർദ്ധിപ്പിക്കുന്നതിന് സാധിക്കുമെന്ന പ്രതീക്ഷിക്കാൻ തരമില്ല.

അബ്കാരിഫീസ്

*൪൩൦. (ചോദ്യം ൪൨൨) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കല്ലുപ്പാറ പകുതിയിൽ പത്തുശ്ശേരി എന്ന കരയിൽ ഒരു അബ്കാരിഫീസ് സ്ഥാപിച്ചുകിട്ടുന്നതിന് തദ്ദേശവാസികളിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത നടപടി സ്വീകരിച്ചിട്ടുണ്ട്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) ഇപ്പോൾ പുതിയ അബ്കാരിഫീസുകൾ തുറക്കുന്നതിന് സെൻട്രൽ ഗവണ്മെണ്ടിന്റെ അനുമതി ആവശ്യമാണ്.

Uustared Questions

തൃശ്ശൂർ ഡിസ്ട്രിക്ടിൽ സ്പ്രേചെയ്തിട്ടുള്ള പണികൾ

*൪൩൧. (൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് വർക്ക്സ് മന്ത്രി സദയം മറുപടി നൽകുമോ.—